# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഇകെഎം)ബി.പി-552/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ(ഇകെഎം)ബി.പി-552/22 തീയ്യതി: 03/06/2022

## എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ. ജി. | ജോയിന്റ് ഡയറക്ടർ | 23-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ടെസ്സി എം., ഓഡിറ്റ് ഓഫീസർ
സുസ്മിത കെ.വി., ഓഡിറ്റ് ഓഫീസർ
പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
കിരൺ കെ.എസ്., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി ടി പോൾ | പ്രസിഡന്റ് | 01-04-2020 | 03-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 04-11-2020 | 29-12-2020 |
| ശ്രീമതി മേരി ദേവസ്സിക്കുട്ടി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ അജയ് എ ജെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. വി വി പുഷ്പ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2020 | 31-03-2021 |
| ശ്രീ ജോർജ് ജോസഫ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീജ ജി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീലേഖ ബി ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ ഷാജി ഡി. | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 29-07-2020 |
| ശ്രീ അഗസ്റ്റിൻ സി പി | പട്ടികജാതി വികസന ഓഫീസർ | 30-07-2020 | 19-01-2021 |
| ശ്രീ എൽദോസ് എം പി | പട്ടികജാതി വികസന ഓഫീസർ | 20-01-2021 | 31-03-2021 |
| ശ്രീ സണ്ണി കെ പി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷഫീന എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 14-06-2020 |
| ശ്രീമതി അജിതാമോൾ കെ എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-06-2020 | 31-03-2021 |
| ശ്രീമതി ദേവി എൻ. | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kiran K.S (Auditor, On 25-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Kiran K.S (Auditor, On 24-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: Kiran K.S (Auditor, On 02-04-2022)<br>Last Updated By: Raj N.C (Computer Assistant, On 02-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Kiran K.S (Auditor, On 24-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Kiran K.S (Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Kiran K.S (Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Tessy (Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kiran K.S (Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Tessy (Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 02-06-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kiran K.S (Auditor, On 01-04-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-9 |
| 11 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല<br>Written By: Santhosh Kumar M (Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 02-06-2022) | 1-10 |
| 12 | മരുന്നുകൾ മുഴുവനായി ലഭിച്ചില്ല<br>Written By: Tessy (Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-11 |
| 13 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 02-06-2022) | 1-12 |
| 14 | സാക്ഷരതാ പ്രേരക് - ഓണറേറിയം - റീക്കൂപ്പ് ചെയ്യേണ്ടതാണ്<br>Written By: K.V.Susmitha (Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-13 |
| 15 | പഠനമുറി - വാല്യുവേഷനേക്കാൾ അധികം ധനസഹായം അനുവദിച്ചു<br>Written By: K.V.Susmitha (Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 03-06-2022) | 1-14 |
| 16 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കേണ്ടതാണ്<br>Written By: K.V.Susmitha (Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-15 |
| 17 | കറുകുറ്റി ഗ്രാമപഞ്ചായത്ത്- പാണ്ടൻചിറ-പൊട്ടച്ചിറ എൽ.ഐ സ്കീം- | 1-16 |

| | | |
|---|---|---|
| | പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ.-പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | |
| 18 | ബഡ്സ് റീഹാബിലിറ്റേഷൻ സെൻ്റർ -പ്രവർത്തനക്ഷമമായില്ല<br>Written By: K.V.Susmitha (Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 02-06-2022) | 1-17 |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: K.V.Susmitha (Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 17-05-2022) | 1-18 |
| 20 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Santhosh Kumar M (Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 02-06-2022) | 1-19 |
| 21 | ചെറുചാൽ പുഞ്ച എൽ.ഐ സ്കീം- പ്രവർത്തനക്ഷമമാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 02-06-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Santhosh Kumar M (Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 02-06-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Kiran K.S (Auditor, On 01-04-2022)<br>Last Updated By: Raj N.C (Computer Assistant, On 18-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kiran K.S (Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 18-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Kiran K.S (Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 18-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Kiran K.S (Auditor, On 01-04-2022)<br>Last Updated By: Raj N.C (Computer Assistant, On 18-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Kiran K.S (Auditor, On 01-04-2022)<br>Last Updated By: Raj N.C (Computer Assistant, On 18-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Kiran K.S (Auditor, On 01-04-2022)<br>Last Updated By: Raj N.C (Computer Assistant, On 18-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Kiran K.S (Auditor, On 01-04-2022)<br>Last Updated By: Raj N.C (Computer Assistant, On 02-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Kiran K.S (Auditor, On 01-04-2022)<br>Last Updated By: Raj N.C (Computer Assistant, On 18-05-2022) | 4-8 |
| 9 | ഓഡിറ്റ് റിക്കവറി<br>Written By: Kiran K.S (Auditor, On 01-04-2022)<br>Last Updated By: Raj N.C (Computer Assistant, On 18-05-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kiran K.S (Auditor, On 02-04-2022)<br>Last Updated By: Raj N.C (Computer Assistant, On 18-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Kiran K.S (Auditor, On 02-04-2022)<br>Last Updated By: Raj N.C (Computer Assistant, On 18-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 27.03.2020-ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1135539 | 4138644 | - 3003105 |
| വരവ് | 59125850 | 59479135 | - 353285 |
| ആകെ | 60261389 | 63617779 | - 3356390 |
| ചെലവ് | 59351400 | 61257546 | - 1906146 |
| നീക്കിയിരിപ്പ് | 909989 | 2360233 | - 1450244 |

ബജറ്റ് പ്രകാരമുള്ള തുകകളും യഥാർത്ഥത്തിലുള്ള തുകകളും തമ്മിൽ കാര്യമായ വ്യത്യാസമില്ല. ആയതിനാൽ വിഭാവനം ചെയ്ത ചെലവുകൾ നടപ്പാക്കാനായിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 29.06.2021 |

### 1-2-1 വാർഷിക ധനകാര്യപത്രിക-അപാകതകൾ

1. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,778,411/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,070,509/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.
2. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഷെഡ്യൂൾ B-18-ൽ അദർ അഡ്വാൻസ് എന്ന ഹെഡിൽ നീക്കിയിരിപ്പ് നെഗറ്റീവ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത ഉറപ്പാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.
3. 2019-20 ഓഡിറ്റ് സർട്ടിഫിക്കറ്റിലെ ക്രമ നം.1 – അപാകത പരിഹരിക്കാത്തതിനാൽ 460 509 901- Advances To Others- എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 27,000/- രൂപ അഡ്വാൻസ് നല്കിയത് തിരികെ കിട്ടാനുള്ളതായി 31.03.2021-ലെ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നു.
4. ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഭരണച്ചെലവുകൾക്ക് വേണ്ടി ചെലവഴിച്ച തുകയുടെ വരവ്-ചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകുന്ന തുകകൾ വാർഷികധനകാര്യപത്രികയിൽ രേഖപ്പെടുത്തുന്നില്ല (RP47,B18). താഴെ കാണുന്ന പട്ടിക പ്രകാരം വിവിധ പദ്ധതി നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിക്കും മൈനർ ഇറിഗേഷൻ വകുപ്പിനും ആകെ 20,15,425/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും വാർഷികധനകാര്യപത്രികയിലെ B-18 ഷെഡ്യൂളിൽ Advance To Implementing Agencies – എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വാട്ടർ അതോറിറ്റിക്ക് നൽകിയ 91,185/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | പ്രോജക്ട് | തുക |
|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | സെഹിയോൻ-ഗാന്ധിനഗർ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്ട് നം: 16/20-21) | 5,00,000/- |
| | | തറനിലം കോളനി സമ്പൂർണ്ണ കുടിവെള്ള പദ്ധതി (പ്രോജക്ട് നം: 145/20-21) | 7,79,000/- |
| | | വിവേകാനന്ദ കോളനി കമ്മ്യൂണിറ്റി ഹാൾ വാട്ടർ കണക്ഷൻ (പ്രോജക്ട് നം: 125/20-21) | 19433/- |
| 2 | മൈനർ ഇറിഗേഷൻ വകുപ്പ് | ആറാട്ടുപുഴ പുനരുജ്ജീവിപ്പിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായിട്ടുള്ള പദ്ധതി (പ്രോജക്ട് നം: 121/20-21) | 716992/- |
| ആകെ | | | 20,15,425/- |

ഡെപ്പോസിറ്റ് വർക്കുകൾക്ക് തൻവർഷം നൽകിയ തുകകൾ വാർഷികധനകാര്യപത്രികയിൽ രേഖപ്പെടുത്തേണ്ടതും ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.
6. ആസ്തി ആർജിക്കുന്ന തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ – വികസനഫണ്ട് എന്ന ഹെഡിലേക്ക് ചേർക്കുന്നില്ല.
7. ഇ-ടെണ്ടർ ഫോറത്തിന്റെ വില ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുക അതതു വർഷം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകി കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ ഉൾപെടുത്തിയതായി

കാണുന്നില്ല. ഇ-ടെണ്ടർ ഫോറത്തിന്റെ വില ലഭ്യമായിട്ടുണ്ട് എങ്കിൽ മുൻവർഷങ്ങളിലേത് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും വരവ്, ലഭിക്കാനുള്ള തുക എന്നിവ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതുമാണ്.
8. ആസ്തിരജിസ്റ്റർ കാലികമാക്കി വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.
9. ഷെഡ്യൂൾ ഐ18 പ്രകാരം 12624/- രൂപ പ്രയർ പിരിയഡ് ചെലവ് രേഖപ്പെടുത്തിയതിനു വിശദീകരണം നൽകേണ്ടതാണ്.
10. വാർഷിക കണക്കുകൾക്കൊപ്പം Notes On Accounts തയ്യാറാക്കി ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/30.03.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 41,38,644 |
| വരവ് | 5,94,79,135 |
| ആകെ | 6,36,17,779 |
| ചെലവ് | 6,12,57,546 |
| നീക്കിയിരിപ്പ് | 23,60,233 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39,393 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,17,76,018 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) (ACR പ്രകാരം) | 0 | 28292508 | 28292508 | 26567432 | 0 | 1725076 |
| വികസന ഫണ്ട് (എസ്.സി.പി) (ACR പ്രകാരം) | 0 | 11567000 | 11567000 | 9585684 | 0 | 1981316 |
| വികസന ഫണ്ട് (ടി.എസ്.പി) (ACR പ്രകാരം) | 0 | 407000 | 407000 | 0 | 0 | 407000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 5590000 | 5590000 | 4994658 | 0 | 595342 |
| ധനകാര്യ കമ്മീഷൻ (പെർഫോർമൻസ് ഗ്രാന്റ്) (ACR പ്രകാരം) | 0 | 5590000 | 5590000 | 3088664 | 0 | 2501336 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) (ACR പ്രകാരം) | 0 | 5198878 | 5198878 | 4559538 | 0 | 639340 |
| 320100115 ടോട്ടൽ സാനിറ്റേഷൻ | 1080528 | 37850 | 1118378 | 507245 | 611133 | 0 |
| 320100199 എം കെ എസ് പി | 16827 | 511 | 17338 | 0 | 17338 | 0 |

കുറിപ്പ് :-
1. വികസനഫണ്ട് ജനറലിൽ നിന്നും സോഴ്സ് ഡിഡക്ഷനായി ലോൺ തിരിച്ചടവിന് ചെലവഴിച്ച 1511396/- രൂപ വരവ്-ചെലവായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

2. സംരക്ഷണ ഗ്രാന്റ് റോഡിതരം – നിന്ന് സോഴ്സ് ഡിഡക്ഷനായി ചെലവഴിച്ച 53122/- രൂപ വരവ്-ചെലവായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:-

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 128 | 75105047 | 94 | 52954683 | 8 | 26 | 73.43% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | |
|---|---|
| മുന്നിരിപ്പ് | 49845 |
| വരവ് | 906313 |
| ആകെ | 956158 |
| ചെലവ് | 942817 |
| നീക്കിയിരിപ്പ് | 13341 |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ്-ചെലവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.03.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത തീയതിയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളുമെല്ലാം മിക്കവാറും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി. ഓഫീസിലെ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി ചേർത്തിട്ടില്ല. പദ്ധതി നിർവ്വഹണം പൊതുവേ തൃപ്തികരമാണെങ്കിലും പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
പീച്ചാനിക്കാട് വൃദ്ധസദനം കെട്ടിടത്തിന്റെ മെയിന്റനൻസിനായി വൻതുക മുൻ വർഷങ്ങളിൽ ചെലവഴിച്ചിട്ടും, കെട്ടിടം ഉപയോഗിക്കാതെ കിടക്കുകയാണ്. ടി കെട്ടിടം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററാക്കി മാറ്റുന്നതിന് അനുബന്ധ സൌകര്യമൊരുക്കാൻ തൻ വർഷം തുക ചെലവഴിച്ചിട്ടും ഓഡിറ്റ് തീയതി വരെയും കെട്ടിടം ഉപയോഗിച്ചു തുടങ്ങിയിട്ടില്ല.

ഉൽപാദന മേഖലയിൽ തുക വകയിരുത്തി ധാരാളം ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതി വിഹിതം ചെലവഴിക്കുന്നുണ്ടെങ്കിലും മിക്കതും പൊതു ജനങ്ങൾക്ക് ഉപകരിക്കുന്നവിധം പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

സേവനമേഖലയിൽ പെടുത്തിയും ധാരാളം കെട്ടിട നിർമ്മാണ പ്രോജക്ടുകൾക്ക് അനുമതി വാങ്ങി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കീഴിലെ അങ്കണവാടി കെട്ടിടങ്ങളുടെ മുകളിൽ വനിതാ വികസന കേന്ദ്രം എന്ന പേരിലാണ് പ്രോജക്ടിന് അംഗീകാരം വാങ്ങിയിരിക്കുന്നത്. എന്നാൽ നിർമ്മാണം പൂർത്തിയാക്കിയ ഈ കെട്ടിടങ്ങൾ യഥാസമയം ഉപയോഗപ്രദമാക്കുന്നില്ല. മേഖലാ വിഭജനമനുസരിച്ച് പദ്ധതി വിഹിതം ചെലവഴിക്കാൻ മാത്രം പ്രോജക്ടുകൾ ആവിഷ്കരിക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്യുതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച കാലയളവ് |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 30.07.2021 | 2020-21 | 08.09.2021 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2022 | 2016-17 മുതൽ 2020-21 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-10 വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി വിവിധ ഏജൻസികൾക്കും, പഞ്ചായത്തുകൾക്കും കൈമാറിയ തുകയുടെ വിനിയോഗ വിശദാംശങ്ങൾ /പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല.

| | പ്രോജക്ട് നം | പേര് | അടങ്കൽ | ചെലവ് | ബിൽനം |
|---|---|---|---|---|---|
| 1 | 2/21 | ഇൻഫർമേഷൻ കേരളമിഷന് വിഹിതം നൽകൽ | 53,394 | 53,394 | -2011093017500270621 Dt 18/6/20 |
| 2 | 4/21 | ലൈഫ് പി.എം.എ.വൈ. ഭവന പദ്ധതി വിഹിതം | 48,85,503 | 40,00,000 | BRN-20110963017500582943 Dt 5/10/20-1200000/-<br>BRN-20110963017500582946 Dt 5/10/20-1200000/-<br>20110963017500582950 Dt 5/10/20- 800000/-<br>20110963017500582957 Dt 5/10/20-800000/- |
| 3 | 16/21 | മൂക്കന്നൂർ പഞ്ചായത്ത് സെഹിയോൺ ഗാന്ധിനഗർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ KWA യ്ക്ക് തുക കൈമാറൽ | 5,00,000 | 5,00,000 | BRN-20110963017500544489 Dt 23/9/20-5,00,000/- |
| 4 | 56/21 | മൂക്കന്നൂർ ബഡ്സ് സ്കൂളിന് വാഹനം വാങ്ങുന്നതിന് തുക കൈമാറൽ | 5,00,000 | 4,32,962 | വെബ് സാഖ്യ വഴി തുക കൈമാറി |
| 5 | 57/21 | എൻ എച്ച് ഗ്രീൻ റോഡ് പൂഞ്ചിറകളം ലിങ്ക് റോഡ് കറുകറ്റി പഞ്ചായത്തിന് തുക കൈമാറൽ | 5,00,000 | 2,34,274 | വെബ് സാഖ്യ വഴി തുക കൈമാറി |
| 6 | 62/21 | ലൈഫ് പി എം എ വൈ ഭവന പദ്ധതി വിഹിതം-എസ്.ടി.പി | 51,19,145 | 51,19,145 | ബിൽവിവരങ്ങൾ ലഭ്യമല്ല |
| 7 | 125/21 | വിവേകാനന്ദ കമ്മ്യൂണിറ്റി ഹാൾ വാട്ടർ കണക്ഷൻ- KWA യ്ക്ക് തുക കൈമാറൽ | 26,482 | 19,433 | 19110963017501668563 Dt 31/3/20 |
| 8 | 132/21 | തുറവൂർ പഞ്ചായത്തിലെ കല്ലുംപാടം കുളം സംരക്ഷണം- ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ | 5,00,000 | 4,16,701 | വെബ് സാംഖ്യ വഴി തുക കൈമാറി |
| 9 | 145 | തറനിലം കോളനി സമ്പൂർണ്ണ കിടിവെള്ള പദ്ധതി-KWAയ്ക്ക് തുക കൈമാറൽ | 8,29,000 | 7,79,000 | BRN-201109630117501221007 Dt 10/3/21-309000/-<br>മറ്റു ബിൽവിവരങ്ങൾ ലഭ്യമല്ല |
| | | ആകെ | | 1,15,54,909 | |

കൃത്യമായ ബിൽ വിവരങ്ങൾ സഹിതം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 30-3-21ലെ ഓഡിറ്റ് എൻക്വയറി നം 4 ന് മറുപടി നൽകിയില്ല. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 1,15,54,909/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-11 മരുന്നുകൾ മുഴുവനായി ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കാലടി നിർവ്വഹണ ഉദ്യോഗസ്ഥയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്നുകൾ വാങ്ങുന്നതിനായി തുക നൽകിയിട്ടുണ്ട്. നൽകിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു :-

1.

| പ്രോജക്ട് നമ്പർ - S0060/21, മരുന്നുകളും ലാബ് ഏജന്റ്സും മറ്റ് മെഡിക്കൽ അനുബന്ധ സാധനങ്ങളും ലഭ്യമാക്കൽ , തുക -500000 , ട്രഷറി ബിൽ നമ്പർ - 11/2020-21 | |
|---|---|
| മരുന്നുകൾ ലഭിച്ച ഇൻവോയ്സ് നമ്പർ, തീയതി | തുക |
| 44095/9.3.2021 | 102333 |
| 734/30.4.21 | 37634 |
| 101/20.5.21 | 13323 |
| 1624/20.5.21 | 151529 |
| 3187/30.6.21 | 131023 |
| 467/30.6.21 | 31208 |

| | |
|---|---|
| ആകെ ലഭിച്ച മരുന്ന് | 467050 |

ബാക്കി 32,950/- രൂപയുടെ മരുന്ന് ഇതുവരെയും ലഭിച്ചിട്ടില്ല.

2.

| പ്രോജക്ട് നമ്പർ - S0073/21, പാലിയേറ്റീവ് കെയർ സെക്കന്ററി കെയർ മരുന്നുകൾ ലഭ്യമാക്കൽ , തുക -423056/- , ട്രഷറി ബിൽ നമ്പർ - 5/2020-21 | |
|---|---|
| മരുന്നുകൾ ലഭിച്ച ഇൻവോയ്സ് നമ്പർ, തീയതി | തുക |
| 77/5.4.2021 | 55197 |
| 3779/16.7.21 | 2051 |
| 11231/11.1.22 | 17718 |
| 3782/16.7.21 | 129459 |
| 2487/17.6.21 | 30472 |
| ആകെ | 234897 |

ബാക്കി 1,88,159/- രൂപയുടെ മരുന്ന് ഇതുവരെയും ലഭിച്ചിട്ടില്ല.

മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകളിലുമായി ആകെ 2,21,109/- രൂപയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ലഭിക്കാനുണ്ട് . ആയത് ലഭ്യമാക്കുന്നതുവരെ 2,21,109/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-12 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർത്ത പദ്ധതികളുമായി ബന്ധപ്പെട്ട വാങ്ങലുകളിൽ തുക ചെലവായിട്ടുണ്ടെങ്കിലും സാധനങ്ങൾ ലഭ്യമായതിന്റേയും വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിന്റെയും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയില്ല. ഓരോ സ്ഥാപനങ്ങളിലും നിലവിലുള്ള സാധന സാമഗ്രികൾ പരിഗണിച്ച് ഇനിയും വാങ്ങേണ്ട സാധനങ്ങളുടെ ആവശ്യകത വിലയിരുത്തിയിട്ടല്ല സാധനങ്ങൾ വാങ്ങി നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

1. പ്രോജക്ട് നം 15/21 കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വനിത ലൈബ്രറിക്ക് പുസ്തകങ്ങളും അനുബന്ധ ഉപകരണങ്ങളും (അടങ്കൽ-500000/- വികസന ഫണ്ട് ജനറൽ; ചെലവ്- 440292/-, BRN-20110963017501405207 Dt 7-3-21) എന്ന പദ്ധതി പ്രകാരം പുസ്തകം വാങ്ങുന്നതിന് 200000/- രൂപയും ഫർണിച്ചർ വാങ്ങുന്നതിന് 240292/- രൂപയുമാണ് ചെലവുവന്നിട്ടുള്ളത്. കേരള സ്റ്റേറ്റ് ബുക്ക്മാർക്കിൽ നിന്ന് 200000/- രൂപയുടെ ബുക്കുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമാണ് എങ്കിലും ഫർണിച്ചർ ലഭ്യമായതിന്റെ ഇൻവോയ്സും സ്റ്റോക്ക് വിശദാംശങ്ങളും ലഭ്യമല്ല. ഫർണിച്ചർ ലഭ്യമായതിന്റെ ഇൻവോയ്സും സ്റ്റോക്ക് വിശദാംശങ്ങളും സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കേണ്ടതാണ്.

2. പ്രോജക്ട് നം 122/21 അങ്കമാലി ബ്ലോക്ക് വനിത വികസനകേന്ദ്രങ്ങളിലേക്ക് ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ (അടങ്കൽ – 1279358 – വികസന ഫണ്ട് ജനറൽ; ചെലവ് - 1279211; BRN-20110963017500915257 Dt 8-1-21, 221610/-, മറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല). ഫർണിച്ചർ ലഭ്യമായതിന്റെ ഇൻവോയ്സും വിതരണരേഖകളും സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സഹിതം വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ് (1057601/- രൂപയുടെ ചെലവ് 2020-21ലാണ് എങ്കിലും ട്രഷറി ബില്ലിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല).

3. പ്രോജക്ട് നം 123/21 യുവജ്യോതി പട്ടികജാതി വിജ്ഞാനകേന്ദ്രത്തിലേക്ക് ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ.(അടങ്കൽ-193542/- വികസന ഫണ്ട് -എസ് സി പി ;ചെലവ്- 193542/-).ഫർണിച്ചർ ലഭ്യമായതിന്റെ ഇൻവോയ്സും വിതരണരേഖകളും, സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സഹിതം വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ് (സുലേഖ പത്രിക പ്രകാരം 2020-21ലാണ് ചെലവ് എങ്കിലും ബിൽ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല).

4. പ്രോജക്ട് നം 124/21 – മലയാറ്റൂർ പ്രീമെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് സ്റ്റഡിടേബിളും അലമാരയും മറ്റ് അനുബന്ധ ഉപകരണങ്ങളും (അടങ്കൽ – 803895/- – വികസന ഫണ്ട് – എസ് സി പി ; ചെലവ്- 803895/- BRN 19110963017501319737 Dt 20-2-20) എന്ന പദ്ധതി പ്രകാരം എഫ് ഐ ടിയ്ക്ക് 803895/- രൂപ നൽകിയിട്ടുണ്ട്. ഫർണിച്ചർ ലഭ്യമായതിന്റെ ഇൻവോയ്സും വിതരണരേഖകളും, സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സഹിതം വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 26-3-21ലെ ഓഡിറ്റ് എൻക്വയറി നം 2 ന് മറുപടി ലഭ്യമാക്കിയില്ല. ക്രമ നമ്പർ 2, 3 എന്നിവയിൽ കൃത്യമായ ബിൽ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കൃത്യമായ ട്രഷറി ബിൽ വിവരങ്ങൾ സഹിതം ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

## 1-13 സാക്ഷരതാ പ്രേരക് - ഓണറേറിയം - റീക്കപ്പ് ചെയ്യേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിലെ സാക്ഷരതാപ്രേരക്മാരുടെ ഡിസംബർ, ജനുവരി മാസങ്ങളിലെ ഓണറേറിയം നൽകുന്നതിനായി പൊതുആവശ്യ ഗ്രാന്റിൽ നിന്നും 40,230/- രൂപ നൽകിയിട്ടുണ്ട്. (ചെക്ക് നം - 5922153/30.3.21).

G.O(Rt) 626/21/LSGD/26.2.21 പ്രകാരം ഓണറേറിയം തനത് ഫണ്ടിൽ നിന്നും താൽക്കാലികമായി നൽകിയശേഷം സാക്ഷരതാമിഷൻ ചെലവ് തുക തിരികെ നൽകേണ്ടതാണ്. അതിനാൽ സാക്ഷരതാമിഷനിൽ നിന്നും തുക ലഭ്യമാക്കി തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യേണ്ടതാണ് (ഓഡിറ്റ് എൻക്വയറി - 3/30.3.22).

## 1-14 പഠനമുറി - വാല്യവേഷനേക്കാൾ അധികം ധനസഹായം അനുവദിച്ചു

പ്രൊജക്റ്റ് - പട്ടികജാതി കുട്ടികൾക്ക് പഠനമുറി (136/21)

അടങ്കൽ - പ്ലാൻ - 75,000

തനത് ഫണ്ട് - 6,50,000

--------------------------------

ആകെ – 7,25,000

==========================

ചെലവ് - 2,74,720

ബിൽ നം - 45/15.7.20 – 77000

122/24.11.20 -25,000/-

152/12.1.21 – 50,000/-

153/12.1.21 – 50,000/-

243/26.3.21 – 72,720/-

(എ) വാല്യവേഷനേക്കാൾ അധികം ധനസഹായം അനുവദിച്ചു

2018-19 ൽ ആരംഭിച്ച പദ്ധതിയിൽ 2020-21 ൽ 7 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് . വാല്യവേഷൻ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി പരമാവധി 2 ലക്ഷം രൂപ വരെയാണ് പഠനമുറിക്ക് സബ്സിഡിയായി നൽകാവുന്നത്. 4 ഗഡുക്കളായാണ് തുക നൽകിയിട്ടുള്ളത്.

ശ്രീ.ബിനു വി. എന്ന ഗുണഭോക്താവിന് ബിൽ നമ്പർ 122/24.11.20 പ്രകാരം 25,000/- രൂപ ഓഡിറ്റ് വർഷം നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ നൽകിയ 1,25,000/- ഉൾപ്പെടെ ആകെ 150000 രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിക്രമത്തിൽ (നം.288/24.11.20) നാളിതുവരെ ഗുണഭോക്താവിന് 1,25,000/- രൂപ നൽകിയിട്ടുണ്ട് എന്നും പഠനമുറിയുടെ വാർപ്പ്, പ്ലാസ്റ്ററിംഗ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ടെന്നും തുടർപണി ചെയ്യുവാൻ നിർവ്വാഹമില്ലെന്ന് ടിയാൻ എഴുതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 25,000/- രൂപ കൂടി അനുവദിക്കുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിൽ 1,33,290/- രൂപയുടെ വാല്യവേഷൻ ഹാജരാക്കിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലടി ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ 88,000/- രൂപയുടെ വാല്യവേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. തുടർ പ്രവൃത്തികൾ നടത്തി പഠനമുറിനിർമ്മാണം പൂർത്തീകരിച്ചതായും കാണുന്നില്ല. വാല്യവേഷനേക്കാളും 62,000/- രൂപ ഗുണഭോക്താവിന് അധികം നൽകിയത് ക്രമപ്രകാരമല്ല. പ്രവൃത്തി പൂർത്തീകരിച്ച് അധികം നൽകിയ ധനസഹായം ക്രമീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി – 9/31.3.22 ന് മറുപടിയായി പദ്ധതി പൂർത്തീകരിച്ച് വാല്യവേഷൻ ലഭ്യമാക്കുവാൻ നിർദേശം നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്.

ബിൽ നം - 45/15.7.20 – പ്രകാരം നൽകിയ തുകയിൽ 27,000/- രൂപ രാധാ രവി എന്ന ഗുണഭോക്താവിനാണ് നൽകിയത്. വാല്യവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 1,76,441/- രൂപയുടെ പ്രവൃത്തിയാണ് ചെയ്തത്. എന്നാൽ ഗുണഭോക്താവിന് മുൻപ് നൽകിയ 1,50,000/- രൂപ ഉൾപ്പെടെ ആകെ 1,77,000/- രൂപ നൽകിയിട്ടുണ്ട്. ധനസഹായം വാല്യവേഷനിൽ പരിമിതപ്പെടുത്താവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ബി) നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുക പൂർണ്ണമായും(200000) കൈപ്പറ്റിയിട്ടില്ല.

| പേര് | കൈപ്പറ്റിയ തുക | അവസാനഗഡു അനുവദിച്ച തീയതി |
|---|---|---|
| ബാബു.എം.കെ | 1,50,000 | 22.6.19 |
| സാലി.കെ.കെ | 1,00,000 | 22.6.19 |
| സജീവ്.കെ.കെ | 1,50,000 | 22.6.19 |
| രാജു.സി.എൻ | 1,50,000 | 20.9.19 |

ഓഡിറ്റ് എൻക്വയറി 9/31.03.2022ന് മറുപടിയായി നിർവ്വഹണം പൂർത്തിയാക്കി വാല്യവേഷൻ സമർപ്പിക്കാത്തതിനാലാണ് ധനസഹായം നൽകുവാൻ കഴിയാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നിയമാനുസൃതം ധനസഹായം തിരികെ ഈടാക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ

അംഗീകരിക്കേണ്ടതാണ്

പ്രൊജക്ട് – എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് ( 154/21)

നിർവ്വഹണം - എസ്.സി.വികസന ഓഫീസർ

അടങ്കൽ - പ്ലാൻ - 2000000

ചെലവ് - 1995000

ബിൽ നം - 190/18.2.21 – 1185000

191/19.2.21 -245000

200/24.2.21 – 170000

215/8.3.21 – 395000

-----------------------

ആകെ – 19,95,000/-

===================

നിർവഹണ ഉദ്യോഗസ്ഥൻ പത്രപരസ്യം നൽകിയാണ് പദ്ധതിക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് . ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 21.1.21 ലെ 4(7) നമ്പർ തീരുമാനപ്രകാരം ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുകയും നിർവഹണഉദ്യോഗസ്ഥൻ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയോ പഞ്ചായത്ത് കമ്മിറ്റിയോ അംഗീകരിച്ചതായി രേഖയില്ല.

സ.ഉ.(കൈ) 22/2018 , ത.സ്വ.ഭ.വ, തീയ്യതി 14.02.2018 -ലെ ഖണ്ഡിക 7.2.6 പ്രകാരം താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

I) ആനുകൂല്യം നൽകുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം എടുക്കേണ്ടതാണ്.

Ii) ഗ്രാമസഭാകമ്മിറ്റിയിലും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റ് പ്രകാരമുള്ളവർക്ക് മാത്രമേ ആനുകൂല്യം നൽകാവൂ.

മേൽ പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്. ഓഡിറ്റ് എൻക്വയറി നം.9/31.3.2022ന് മറുപടിയായി സാധൂകരണം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമസഭയിൽ നിന്നും ഗുണഭോക്തൃലിസ്റ്റ് സാധൂകരിച്ച് വാങ്ങേണ്ടതും ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പാലിച്ചുമാത്രം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 കറുകുറ്റി ഗ്രാമപഞ്ചായത്ത്- പാണ്ടൻചിറ-പൊട്ടച്ചിറ എൽ.ഐ സ്കീം- പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ.-പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | എസ് 137/21-കറുകുറ്റി ഗ്രാമപഞ്ചായത്ത്- പാണ്ടൻചിറ-പൊട്ടച്ചിറ എൽ.ഐ സ്കീം- പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ. |
| എഗ്രിമെന്റ് നമ്പർ | 30/AE/ABP/2020-21 തീയതി. 20.10.2020 |
| അടങ്കൽ തുക | 5,00,000/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ ഷിജോ മാർക്കോസ് |
| ആകെ ചെലവ് | 3,88,595/- (ട്രഷറി ബിൽ നം.5085/ 14/12/2020. |

അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കറുകുറ്റി ഗ്രാമ പഞ്ചായത്തിലെ പാണ്ടൻചിറ-പൊട്ടച്ചിറ എൽ.ഐ സ്കീം- പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ. എന്ന പ്രോജക്ടിന് വേണ്ടി ശ്രീ ഷിജോ മാർക്കോസ്- ന് ടെണ്ടർ നല്കിയിരുന്നു. ശ്രീ ഷിജോ മാർക്കോസ് 20.10.2020ൽ ബ്ലോക്ക് പഞ്ചായത്തുമായി കരാർ വെച്ച് പ്രവൃത്തി ഏറ്റെടുത്തു.

ഈ പ്രവൃത്തിയിൽ കറുകുറ്റി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വരുന്ന പാണ്ടൻചിറ- പൊട്ടച്ചിറ എൽ.ഐ സ്കീമിൽ പാണ്ടൻചിറ- ഭാഗത്ത് 40 HP-യുടെ മോട്ടോറും, പൊട്ടച്ചിറ ഭാഗത്ത് 20 HP-യുടെ മോട്ടോറും പഞ്ചായത്ത് സ്ഥാപിക്കുന്ന മുറക്ക് പദ്ധതി ഉപയുക്തമാക്കുന്നതിനായാണ് 110mm PVC പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വർക്ക് നടത്തുന്നതെന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നത്. പ്രവൃത്തിയുടെ ഭാഗമായി പാണ്ടൻചിറ- ഭാഗത്ത് 296 മീറ്റർ നീളത്തിലും, പൊട്ടച്ചിറ ഭാഗത്ത് 250.6 മീറ്റർ നീളത്തിലും പൈപ്പ് സ്ഥാപിച്ചതിനും അനുബന്ധ ചെലവുകൾക്കുമായി 3,88,595/- രൂപ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ പദ്ധതിയുടെ പൂർണ്ണപ്രയോജനം ലഭിക്കണമെങ്കിൽ പദ്ധതിപ്രദേശത്ത് മോട്ടോറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതുണ്ട്. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയതിനാൽ മോട്ടോർ സ്ഥാപിച്ച് പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -പ്രവർത്തനക്ഷമമായില്ല

അങ്കമാലി ബ്ലോക്ക് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലേക്ക് ഫർണീച്ചർ വാങ്ങുന്നതിനായി 1,99,323/-

രൂപ പദ്ധതിഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (പ്രൊജക്ട് - 134/21). ആർട്ട്കോയിൽ നിന്നും ഫർണീച്ചർ വാങ്ങുന്നതിനായി ബിൽ നം - 13/29.3.21 പ്രകാരമാണ് തുക നൽകിയത്.ഫർണീച്ചർ വാങ്ങി ഒരു വർഷം കഴിഞ്ഞിട്ടും ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് 2000-01 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വൃദ്ധസദനവും അതിലെ ഫർണീച്ചറുകളും ഉപയോഗിക്കപ്പെടാതെ നിഷ്ക്രിയ ആസ്തിയായി മാറുകയും തുടർന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ പ്രകാരം സർക്കാർ പ്രസ്തുത കെട്ടിടവും അനുബന്ധസൗകര്യങ്ങളും National Institute Of Physical Medicine And Rehabilitation (NIPMR) ന്റെ സാറ്റലൈറ്റ് സെന്ററായി ഭിന്നശേഷിക്കാർക്ക് ചികിത്സയും സേവനവും ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും (സ.ഉ(സാധ) 830/20/തസ്വഭവ /6.5.20) ചെയ്തിട്ടുണ്ട്. നിലവിലുള്ള ആസ്തികൾക്ക് മേൽ കൂടുതൽ പണം ചെലവഴിക്കുന്നത് ഒഴിവാക്കണം എന്ന വ്യവസ്ഥയോടെയാണ് അനുമതി നൽകിയത്.

സർക്കാർ അംഗീകാരം ലഭിച്ചതിനെ തുടർന്ന് മാർച്ച് 2021 ൽ ആർട്ട് കോയിൽ നിന്നും റിവോൾവിംഗ് ചെയർ, ടേബിൾ, സ്റ്റീൽ കാബിനറ്റ്, വിസിറ്റേഴ്സ് ചെയർ, വീൽ ചെയർ, നോട്ടീസ് ബോർഡ്, എക്സാമിനേഷൻ ടേബിൾ എന്നിവ വാങ്ങിയിട്ടുണ്ട്. 1,99,323/- രൂപ ചെലവഴിച്ച് ഫർണീച്ചർ വാങ്ങിയെങ്കിലും ബഡ്സ് സെന്റർ നാളിതുവരെ ആരംഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.8/31.03.2022ന് മറുപടിയായി സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നിഷ്ക്രിയ ആസ്തിയായ വൃദ്ധസദനം കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനായി വീണ്ടും ഫണ്ട് ചെലവഴിച്ച് ബഡ്സ് സെന്ററിനാവശ്യമായ ഫർണീച്ചർ വാങ്ങിയെങ്കിലും പ്രസ്തുത ഫർണീച്ചറും ഉപയോഗപ്രദമാവാതെ നിഷ്ക്രിയമായി അവശേഷിക്കുന്നു. നിർവഹണഉദ്യോഗസ്ഥനും ഭരണസമിതിയും അടിയന്തിരനടപടികൾ സ്വീകരിച്ച് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 1-18 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സി.ഡി.പി.ഒ നിർവഹണം നടത്തിയ താഴെ പറയുന്ന സംയുക്തപദ്ധതികൾക്കായി വിവിധ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി പദ്ധതി തുക നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

A. പ്രൊജക്ട് - ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ (133/21)

അടങ്കൽ - 81745 (പ്ലാൻ ഫണ്ട്)

ചെലവ് - 81666

ബിൽ റഫറൻസ് നം. -2018700733007/ 16.4.20

കറുകുറ്റി ഗ്രാമപഞ്ചായത്തിലെ 74 ഗുണഭോക്താക്കൾക്കായാണ് തുക അനുവദിച്ചത്.

B. പ്രൊജക്ട് - ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ (22/21)

അടങ്കൽ - 600000 (Plan), 700000 (CFC)

ചെലവ് - 1212100

1212100രൂപ താഴെ പറയുന്ന പഞ്ചായത്തുകൾക്കാണ് നൽകിയത്

കറുകുറ്റി ഗ്രാമപഞ്ചായത്ത് - 471925 രൂപ (Bill 20110952018701063499 / 13.11.2020)

മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് - 141350 രൂപ (Bill 17100712002 / 10.11.2020)

മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് -178600 (വിനിയോഗസാക്ഷ്യപത്രം ലഭിച്ചു)

മലയാറ്റൂർ ഗ്രാമപഞ്ചായത്ത് - 180800 രൂപ (Bill 220094934 / 12.11.2020)

അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് – 144200 രൂപ (Bill 2014700810987 / 12.11.2020)
--------------”------------- – 95225/- രൂപ (Bill 2011952012100839874 / 12.11.2020)

C. ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (54/21)

അടങ്കൽ & ചെലവ് - പ്ലാൻ -400000

CFC – 600000

താഴെ പറയുന്ന പഞ്ചായത്തുകൾക്കാണ് തുക നൽകിയത്

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - 300000/- (Bill 20110952011201183864 / 04.03.2021)

കാലടി ഗ്രാമപഞ്ചായത്ത് - 350000/- (Bill 18101148318 / 20.02.2021)

തുറവൂർ ഗ്രാമപഞ്ചായത്ത് - 350000/- (Bill 2012701120490 / 20.02.2021)

സംയുക്ത പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി - 8/31.3.22ന് മറുപടി ലഭിച്ചില്ല.

## 1-19 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 151/20-21, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി. |
| അടങ്കൽ | 200000(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 199998 |
| ബിൽ നമ്പർ | BRN-20110963017501410875 Dt 28-3-21 |

മേൽ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് GEM പോർട്ടൽ വഴി ഹിന്ദ് ഡിജിറ്റൽ സൊല്യൂഷൻസിൽ നിന്ന് 4 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾ(172009/-ഇൻവോയ്സ് നം-HDS/R/20-21/391 Dt 26-3-21), കെ എം ടെക്നോളജീസിൽ നിന്ന് ഒരു പ്രിന്റർ,(18899/-ഇൻവോയ്സ് നം-KMR/20-21/1243 Dt 26-3-21) കോർപറേറ്റ് ബിസിനസ് സൊല്യൂഷൻസ് പാലക്കാട്- ൽ നിന്ന് ഒരു പ്രിന്റർ(9090/-20-21PKD/4201 Dt 27-3-21) എന്നിങ്ങനെ വാങ്ങിയിട്ടുണ്ട്.

ജി ഒ (പി) നം.10/2019/എസ് പി ഡി തീയതി 22.08.2019 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണ്. സർക്കുലർ നമ്പർ ഐടി സെൽ-1/26/2019 വി.സ.വ തീയതി 18.03.2019 പ്രകാരം Www.cprcs.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ , ഫോട്ടോകോപ്പിയറുകൾ മുതലായവ വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ല. Cprcs ൽ ഉൾപ്പെട്ട ഉപകരണം മറ്റ് രീതിയിൽ വാങ്ങുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യത ആയിരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-20 ചെറുചാൽ പുഞ്ച എൽ.ഐ സ്കീം- പ്രവർത്തനക്ഷമമാക്കിയില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചെറുചാൽ പുഞ്ച എൽ.ഐ സ്കീം- പുനരുദ്ധാരണം മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് |
| പ്രൊജക്ട് നമ്പർ | എസ് 046/18,S0 100/20, SO108/21, S 34/21 |
| എഗ്രിമെന്റ് നമ്പർ | 10/AE/ABP/2019-20 തീയതി. 19.06.2019 |
| കോൺട്രാക്ടറുടെ പേര് | ശ്രീ. പോൾസൺ അഗസ്റ്റിൻ |
| അടങ്കൽ തുക | എസ്.ഒ. 108/21 – 747366/-<br>എസ്.ഒ. 34/21 – 160000/- |
| തൻവർഷ ചെലവ് | 4,42,038/- (ട്രഷറി ബിൽ നം. 4/24.04.2020)<br>2,50,000/- (ചെക്ക്നമ്പർ.2289874/ 01/10/2020)<br>1,60,000/-(ട്രഷറി ബിൽ നം. 7564/03.09.2020) |

അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിലെ "ചെറുചാൽ പുഞ്ച എൽ.ഐ സ്കീം- പുനരുദ്ധാരണത്തിനായി 2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണിത്. "2019-20 -ൽ 40 HP മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്കായി ശ്രീ. പോൾസൺ അഗസ്റ്റിൻ - ന് ടെണ്ടർ നല്കിയിരുന്നു. ശ്രീ. പോൾസൺ അഗസ്റ്റിൻ 19.06.2019ൽ ബ്ലോക്ക് പഞ്ചായത്തുമായി കരാർ വെച്ച് പ്രവൃത്തി ഏറ്റെടുത്തു.

ഈ പ്രവൃത്തിയിൽ മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വരുന്ന ചെറുചാൽ പുഞ്ച എൽ.ഐ സ്കീമിൽ 40 HP-യുടെ മോട്ടോർ സ്ഥാപിക്കലും, അനുബന്ധ ഇലക്ട്രിഫിക്കേഷനും, പമ്പ് ഹൗസിലേക്ക് നിലവിലുള്ള വൈദ്യുതലൈനും, ട്രാൻസ്ഫോർമറും ശേഷി കൂട്ടി പുനസ്ഥാപിക്കലുമായിരുന്ന എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്നത്. പ്രവൃത്തിയുടെ ഒന്നാം ഘട്ടമായി 40 HP കിർലോസ്കർ ബ്രാൻഡ് പമ്പ് സെറ്റ് സ്ഥാപിച്ച് അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്തതിന് കരാറുകാരന് മുൻവർഷം നൽകിയത് ഉൾപ്പെടെ ആകെ 5,42,672/- രൂപ നല്കിയിട്ടുണ്ട്.

എന്നാൽ പദ്ധതിയുടെ പൂർണ്ണപ്രയോജനം ലഭിക്കണമെങ്കിൽ പദ്ധതിപ്രദേശത്തേക്കുള്ള വൈദ്യുതലൈനിന്റെയും, ട്രാൻസ് ഫോർമറിന്റെയും ശേഷികൂട്ടി പുനസ്ഥാപിക്കണം. ഇതിനായി KSEB നല്കിയ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള 100 KVA ട്രാൻസ്ഫോർമർ 160 KVA ആക്കുന്നതിനും, രണ്ട് പുതിയ പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും, 3 Phase ലൈൻ ആക്കുന്നതിനുമായി 4,10,000/- രൂപ KSEB യിൽ നിക്ഷേപിക്കേണ്ടതുണ്ട്. 2019-20 ൽ ഫണ്ട് തികയാതിരുന്നതിനാൽ KSEB യിൽ തുക അടവാക്കിയില്ല. മോട്ടോർ പമ്പ് സ്ഥാപിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പദ്ധതിയുടെ രണ്ടാം ഘട്ടം നടക്കാത്തതിനാൽ ആയത് പ്രവർത്തിപ്പിക്കാനാകാതെ നിഷ്ക്രിയമായി ഇരിക്കുന്ന അവസ്ഥ സംബന്ധിച്ച് 2019-20 വർഷത്തെ റിപ്പോർട്ടിൽ പരാമർശമുള്ളതാണ്.

തൻവർഷം ഈ പ്രോജക്റ്റ് പ്രകാരം 2,50,000/-രൂപ തനതു ഫണ്ടിൽ നിന്നും, 1,60,000/- രൂപ 34/21 എന്ന വികസന ഫണ്ട്-ജനറൽ വകയിരുത്തിയ പ്രോജക്റ്റിൽ നിന്നും അപ്രകാരം ആകെ 4,10,000/- രൂപ KSEB ക്ക് കൈമാറിയിട്ടുണ്ട്. KSEB-യിൽ ആവശ്യമായ തുക നിക്ഷേപിച്ച സാഹചര്യത്തിൽ പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരവും, KSEB യിൽ അടവാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു ( 6/31.03.2022).

ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി KSEB പൂർത്തീകരിച്ചതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറയുന്നു. എന്നാൽ ഇലക്ട്രിക്കൽ കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ മഞ്ഞപ്ര ഗ്രാമ

പഞ്ചായത്ത് അധികൃതർ നാളിതുവരെയും സ്വീകരിച്ചിട്ടില്ലെന്നും, ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത പ്രവൃത്തി പൂർത്തിയാക്കി സ്ഥലം പഞ്ചായത്തിന് കൈമാറിയതാണെന്നും, വിനിയോഗസാക്ഷ്യപത്രം പിന്നീട് ഹാജരാക്കാമെന്നമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചത്.

ഇലക്ട്രിക്കൽ കണക്ഷൻ എടുത്ത് മോട്ടോർ പ്രവർത്തനക്ഷമമാക്കാത്തതിനാൽ പദ്ധതിയുടെ ലക്ഷ്യം നാളിതുവരെയും കൈവരിക്കാനായിട്ടില്ല. പരിഹാരനടപടികൾ സ്വീകരിച്ച് , പദ്ധതിലക്ഷ്യം സാക്ഷാൽക്കരിക്കേണ്ടതും, വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. KSEB യിൽ അടവാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 151/20-21, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി. |
| അടങ്കൽ | 200000(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 199998 |
| ബിൽ നമ്പർ | BRN-20110963017501410875 Dt 28-3-21 |

മേൽ പ്രോജക്റ്റ് പ്രകാരം ബ്ളോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് GEM പോർട്ടൽ വഴി ഹിന്ദ് ഡിജിറ്റൽ സൊലൂഷൻസിൽ നിന്ന് 4 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾ(172009/-ഇൻവോയ്സ് നം-HDS/R/20-21/391 Dt 26-3-21), കെ എം ടെക്നോളജീസിൽ നിന്ന് ഒരു പ്രിന്റർ, (18899/-ഇൻവോയ്സ് നം-KMR/20-21/1243 Dt 26-3-21) കോർപറേറ്റ് ബിസിനസ് സൊലൂഷൻസ് പാലക്കാട്- ൽ നിന്ന് ഒരു പ്രിന്റർ(9090/-20-21PKD/4201 Dt 27-3-21) എന്നിങ്ങനെ വാങ്ങിയിട്ടുണ്ട്.

ജി ഒ (പി) നം.10/2019/എസ് പി ഡി തീയതി 22.08.2019 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണ്. സർക്കുലർ നമ്പർ ഐടി സെൽ-1/26/2019 വി.സ.വ തീയതി 18.03.2019 പ്രകാരം Www.cprcs.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ , ഫോട്ടോകോപ്പിയറുകൾ മുതലായവ വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ല. Cprcs ൽ ഉൾപ്പെട്ട ഉപകരണം മറ്റ് രീതിയിൽ വാങ്ങുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യത ആയിരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.
പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാരിന്റെ ഓൺലൈൻ പോർട്ടലിലൂടെയല്ലാതെ കമ്പ്യൂട്ടർ വാങ്ങിയ സമയത്ത് Cprcs ൽ പ്രസിദ്ധീകരിച്ച മിഡ് ലെവൽ സ്പെസിഫിക്കേഷനിലുള്ള (I3, 4GB RAM,1TB, Win 10 Home) ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ വില പ്രളയ സെസ് ഉൾപ്പെടെ 33154/- രൂപയാണ്. ടെൻഡർ മുഖേന പഞ്ചായത്ത് 43002.25/- രൂപ നിരക്കിലാണ് കമ്പ്യൂട്ടറുകൾ വാങ്ങിയത്. ആയതിനാൽ 4 കമ്പ്യൂട്ടറുകൾ വാങ്ങിയതിന് ആകെ 39393/- രൂപ നഷ്ടം വന്നിട്ടുണ്ട് [(43002.25-33154=9848) X4]. Prcs ൽ ഉൾപ്പെട്ട ഉപകരണം മറ്റ് രീതിയിൽ വാങ്ങിയതുമൂലമുണ്ടായ നഷ്ടത്തുക 39393/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. പ്രത്യേക അനുമതി ഇല്ലാതെ Cprcs ൽ ഉൾപ്പെടാത്ത പ്രിന്റർ, സ്കാനർ ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതി തേടാതെ പുറമേനിന്ന് വാങ്ങിയതിന് വിശദീകരണം നൽകേണ്ടതും ഭാവിയിൽ സർക്കാർ ഉത്തരവുകൾക്ക് അനുസരിച്ച് മാത്രം വാങ്ങലുകൾ നടത്തേണ്ടതുമാണ്.

3. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൃത്യത ഉറപ്പുവരുത്തുകയോ, ആവശ്യകത വിലയിരുത്തി വാങ്ങൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. ലഭ്യമായ കമ്പ്യൂട്ടറുകൾ എവിടെയൊക്കെയാണ് ഇൻസ്റ്റാൾ ചെയ്തതെന്ന് വ്യക്തമാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ മുൻവർഷങ്ങളിൽ ലഭിച്ചത് ഉൾപ്പെടെ നിലവിലുള്ള എല്ലാ ഫർണിച്ചറും കംപ്യൂട്ടറും മറ്റു ഉപകരണങ്ങളും ഓരോ ഐറ്റത്തിനും ഇൻഡക്സ് രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 26-03-2021ലെ ഓഡിറ്റ് എൻക്വയറി നം 1 ന് മറുപടി നൽകിയില്ല. ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2019-20 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2020-21 | 70000 | പ്രോജക്ട് നമ്പർ 143/21 വടക്കുംപുറം റോഡ് നിർമ്മാണം. | 70000 | 0 |
| എറണാകുളം ജില്ലാപഞ്ചായത്ത് | 2020-21 | 98000 | പ്രോജക്ട് നമ്പർ 143/21 ലൈഫ് ഭൂമി വാങ്ങൽ | 98000 | 0 |

### 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | സെഹിയോൻ-ഗാന്ധിനഗർ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ(പ്രോജക്ട് നം: 16/20-21) | 2011096301750054 4489/ 22/09/2020 | 5,00,000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 5,00,000 |
| | തറനിലം കോളനി സമ്പൂർണ്ണ കുടിവെള്ള പദ്ധതി(പ്രോജക്ട് നം: 145/20-21) | 201109630175006 91382/ 05.11.2020 | 7,79,000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 7,79,000/- |
| | വിവേകാനന്ദ കോളനി കമ്മ്യൂണിറ്റി ഹാൾ വാട്ടർ കണക്ഷൻ(പ്രോജക്ട് നം: 125/20-21) | 201109630175002 0371/ 11.04.2020 | 19,433/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 19,433/- |
| മൈനർ ഇറിഗേഷൻ വകുപ്പ് | ആറാട്ടുപുഴ പുനരുജ്ജീവിപ്പിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായിട്ടുള്ള പദ്ധതി (പ്രോജക്ട് നം: 121/20-21) | 201109630175000 12448/ 11.04.2020 | 7,16,992/- | 571145/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി. ബാലൻസ് തുക (145847/-) തിരികെ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കി. | 1,45,847/- |

മേൽ പട്ടിക പ്രകാരം വിവിധ പദ്ധതി നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിക്കും മൈനർ ഇറിഗേഷൻ വകുപ്പിനും ആകെ 20,15,425/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും വാർഷികധനകാര്യപത്രികയിലെ B-18 ഷെഡ്യൂളിൽ Advance To Implementing Agencies – എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ 91,185/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ | സ.ഉ(എം.എസ്)90/13 /തസ്വഭവ തീയതി : 14.03.2013 | 6880000 | 1511396 | 1511396 | 0 | 0 |

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 31-09-2020 തീയതിയിൽ 15,11,396/- രൂപ മുതൽ ഇനത്തിലും 35,52,066/- രൂപ പലിശ ഇനത്തിലും തിരിച്ചടയ്ക്കാനായി ബാക്കിയുണ്ട്. ഇതിൽ മുതൽ ഇനത്തിലുള്ള 15,11,396/- രൂപ 2020-21 വർഷം പ്രോജക്ട് നം 155/21പ്രകാരം സോഴ്സ് ഡിഡക്ഷനായി തിരിച്ചടച്ചിട്ടുണ്ട്. പലിശ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള തുക വാർഷിക ധനകാര്യ പത്രികയിൽ ബാധ്യതയായി ചേർത്തിട്ടില്ല. ഓഡിറ്റ് തീയതിയിൽ ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.01.2022-ൽ 36,21,683/- രൂപ പലിശ ഇനത്തിൽ തിരിച്ചടയ്ക്കാനുണ്ട്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.6 | 2005-06 | 2.3.5.1 | ജനകീയ ഭവന പദ്ധതി അപാകതകൾ | പൂർത്തിയാകാത്ത ഭവനങ്ങൾ പൂർത്തിയാക്കാനും മഞ്ഞപ്ര പഞ്ചായത്തിന്റെ വിജിലൻസ് കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശിച്ചു. |
| 2000-01 | 3.9 | 2005-06 | 2.3.5.2 | പൂർത്തിയാകാത്ത പദ്ധതികൾ | റിക്കവറി പൂർത്തീകരിച്ചു. |

## 4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,94,79,135 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,12,57,546 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39,393 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,17,76,018 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 39,393 | അജയ് എ ജെ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 1,15,54,909 | ശ്രീ അജയ് എ ജെ, സെക്രട്ടറി |
| 1-11 | 2,21,109 | ഡോ. വി വി പുഷ്പ,മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| ആകെ | 1,17,76,018 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.
ഇല്ല.
(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.
ഇല്ല.
(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അജയ് എ ജെ, സെക്രട്ടറി | സെക്രട്ടറി, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | അച്ചിക്കല്ലേൽ വീട്, ചിലവ് തൊടുപുഴ |
| ഡോ. വി വി പുഷ്പ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സിഎച്ച് സി, കാലടി | കളിപ്പറമ്പിൽ മഞ്ഞപ്ര മഞ്ഞപ്ര (പി.ഒ.) 683581 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1697/2019 തീ.04.10.2019 | 1 |
| 2000-2001 | ,, | 2 |
| 2001-2002 | ,, | 1 |
| 2003-2004 | ,, | 3 |
| 2007-2008 | ,, | 6 |
| 2008-2009 | ,, | 1 |
| 2009-2010 | ,, | 1 |
| 2012-2013 | ,, | 1 |
| 2016-2017 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1165/2019 തീ.30.09.2019 | 3 |
| 2017-2018 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 288/2019 തീ.11.07.2019 | 8 |
| 2018-2019 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1587/2019 തീ.17.06.2020 | 4 |
| 2019-2020 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 933/2019 തീ.06.12.2021 | 34 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്